"ഭരണഭാഷ-മാതൃഭാഷ"

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-33

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

**നം. ഇ8/2210/15/സിഇ/തസ്വഭവ (1)** **തീയതി: 10.06.2021**

## പരിപത്രം

വിഷയം:- തസ്വഭവ (LID &EW) — ജീവനക്കാര്യം - ഓഫീസ് നടപടി ക്രമീകരണം— തപാലുകൾ നിർദ്ദിഷ്ട ഇ-മെയിൽ മുഖാന്തിരം സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിലെ ഇതേ നം. പരിപത്രം തീയതി 25.08.2020.

മേൽ സൂചന പ്രകാരം ഈ വകുപ്പിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട തപാലുകൾ ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കുന്നതിനായി നിർദ്ദിഷ്ട ഇ-മെയിൽ ID create ചെയ്തിട്ടുള്ളതും, തപാലുകൾ പ്രസ്തുത ഇ-മെയിൽ ID മുഖേന സമർപ്പിക്കുന്നതിനും, ഔദ്യോഗിക ഇ-മെയിൽ ID ആയ celsgd@gmail.com മുഖേന തപാലുകൾ അയക്കേണ്ടതില്ല എന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ നിലവിൽ കീഴ് ഓഫീസുകളിൽ നിന്നും ഉള്ള തപാലുകൾ സമർപ്പിക്കുന്നതിനായി celsgd@gmail.com ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സർക്കാർ / മറ്റ് വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നും വരുന്ന ഇ-മെയിൽ പരിശോധിക്കുന്നതിന് ഇതു മൂലം വളരെയധികം ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ സൂചന സർക്കുലറിലെ നിർദ്ദേശം പാലിക്കുന്നതിനായി ഈ വകുപ്പിലെ എല്ലാ ജീവനക്കാർക്കും കർശന നിർദ്ദേശം നൽകുന്നു. സൂചന സർക്കുലർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

**ചീഫ് എഞ്ചിനീയർ**

ഉള്ളടക്കം: സൂചന സർക്കുലർ

എല്ലാ നിയന്ത്രണാധികാരികൾക്കും
(വെബ്സൈറ്റ് / ഇ-മെയിൽ മുഖേന)

പകർപ്പ്: ഫയൽ / സ്റ്റോക്ക് ഫയൽ

Sr/-

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
റവന്യു കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

തീയതി 25.08.2020

**നം. ഇ8-2210/2015/സിഇ/തസ്വഭവ**

## പരിപത്രം

വിഷയം : തസ്വഭവ (LID & EW) - ഓഫീസ് നടപടി ക്രമീകരണം - തപാലുകൾ ഇ-മെയിൽ മുഖാന്തിരം സമർപ്പിക്കുന്നത് - സംബന്ധിച്ച്

ഈ കാര്യാലത്തിലെ സുഗമമായ ഓഫീസ് നടത്തിപ്പിനുവേണ്ടി തപാലുകൾ ഇ-മെയിൽ മുഖാന്തിരം സ്വീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി താഴെപ്പറയുംവിധം ഇ-മെയിൽ ID creation നടത്തിയിട്ടുണ്ട്.

| ക്രമ നം. | വിഭാഗം | ഇ-മെയിൽ ID |
|---|---|---|
| 1 | എസ്റ്റാബ്ലിഷ്മെന്റ് | celsgdest@gmail.com |
| 2 | വിജിലൻസ് | celsgdvigilance@gmail.com |
| 3 | ടെക്നിക്കൽ (work) | celsgdtech@gmail.com |
| 4 | ബഡ്ജറ്റ് | celsgdbudgetestimate@gmail.com |
| 5 | MLA-ADS | celsgdlacads@gmail.com |
| 6 | KIIFB / KILA | celsgd.kila.446schools@gmail.com |
| 7 | PRICE | pricelsgd1@gmail.com |
| 8 | e-tender | nodalofficerlsgd@gmail.com |

ഇ-മെയിലുകൾ അയയ്ക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമായി വിഷയത്തിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്.

- ജില്ല
- എസ്റ്റാബ്ലിഷ്മെന്റ് (category-service matter) / വിജിലൻസ് / വർക്ക് / ബഡ്ജറ്റ് / MLA-ADS / KIIFB-KILA / PRICE / e-tender എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

Eg : (1) Sub :- TVM-Estt-FGO-Probation-

(2) Sub :- KSGD-Works-RE-

മേൽ പ്രസ്താവിത e-mail ID-കൾ ഉപയോഗത്തിലാകുന്നതോടുകൂടി ഈ കാര്യാലത്തിലെ ഔദ്യോഗിക ഇ-മെയിൽ ID മുഖേന തപാലുകൾ അയയ്ക്കേണ്ടതില്ല കൊവിഡ്-19 പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ അടിയന്തിര സ്വഭാവമില്ലാത്ത തപാലുകളുടെ hard copy ഈ കാര്യാലയത്തിലേയ്ക്ക് അയക്കേണ്ടതില്ല. **മുൻകൂർ അനുമതിയില്ലാതെ സന്ദർശകരുടെ ഈ കാര്യാലയത്തിലേയ്ക്കുള്ള പ്രവേശനം നിരോധിച്ചിരിക്കുന്നു.**

ചീഫ് എഞ്ചിനീയർ

എല്ലാ നിയന്ത്രണാധികാരികൾക്കും (വെബ് സൈറ്റ് മുഖേന)